"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2020 - നടത്തിപ്പ് ചെലവിനും മറ്റ് ക്രമീകരണങ്ങൾക്കും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.218/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/01/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 20.01.2020 ലെ ജി2-16831/2019 നമ്പർ കത്ത്.

**ഉത്തരവ്**

2020 വർഷത്തെ സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷം 2020 ഫെബ്രുവരി 18, 19 തീയതികളിൽ വയനാട് ജില്ലയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ദിനാഘോഷത്തിന്റെ നടത്തിപ്പ് ചെലവിനായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 18,000/- രൂപ വീതം ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ സംഘാടക സമിതി ജനറൽ കൺവീനറായ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും, ആഘോഷത്തോടനുബന്ധിച്ച് നടത്തുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് 40,000/- രൂപ വരെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കുന്നതിനുള്ള അനുമതിയും, പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് യാത്രാനുമതിയും, നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2020 ഫെബ്രുവരി 18, 19 തീയതികളിൽ വയനാട് ജില്ലയിൽ വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ നടത്തിപ്പ് ചെലവിനായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 18,000/- രൂപ വീതം ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ സംഘാടക സമിതി ജനറൽ കൺവീനറായ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും, പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് 40,000/- രൂപ വരെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ അതിനായി ചെലവഴിക്കുന്നതിനുള്ള അനുമതിയും, പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് യാത്രാനുമതിയും നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVE C R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (എല്ലാ പത്ര ദൃശ്യ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശസ്വയഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ